
# ഡാഡി, ഒരു നിറസാന്നിദ്ധ്യം

സാജൻ

**ബേക്കർ സ്ഥാപിച്ച 'കോസ്റ്റ്ഫോർഡി'ന്റെ ജോയിന്റ് ഡയറക്ടറും ബേക്കറിന്റെ സഹചാരിയുമായിരുന്ന സാജൻ ബേക്കർജിയുടെ പ്രകൃതിയുമായുള്ള ബന്ധവും ജീവിതവും ഓർക്കുന്നു.**



1986 ലാണ് ഞാൻ ആദ്യമായി ലാറി ബേക്കറിനെ കാണുന്നത്. അന്ന് 69 വയസ്സുണ്ട് അദ്ദേഹത്തിന്. എന്നേക്കാൾ കൃത്യം 50 വയസ്സ് കൂടുതൽ. തൃശൂരിലായിരുന്നു ഞങ്ങളന്ന്. ഞങ്ങളുടെ വിവാഹശേഷമാണ് ഡാഡി ആവശ്യപ്പെട്ടതനുസരിച്ച് ഞാനും ശൈലജയും തിരുവനന്തപുരത്തേക്ക് വരുന്നത്. നാലാഞ്ചിറയിലെ അദ്ദേഹത്തിന്റെ വസതിയായ ഹാംലറ്റിൽ അദ്ദേഹം കെട്ടിത്തന്ന, മണൽകട്ട കൊണ്ട് 4½" ചുമര് കെട്ടി ഓലമേഞ്ഞ ഒരു ഒറ്റമുറി ഓഫീസിലായിരുന്നു തുടക്കം. ഓഫീസിന് ഒരു വരാന്തയും ഇരിക്കാനുള്ള ഇരിപ്പിടങ്ങളും അദ്ദേഹം ഉണ്ടാക്കിയിരുന്നു. അതിനോട് ചേർന്ന് വാതിൽ ആവശ്യമില്ലാത്ത ഒരു കക്കൂസും. തുടക്കത്തിൽ അദ്ദേഹം പണികൾ ഒന്നും തന്നെ ഞങ്ങളെ ഏൽപ്പിച്ചിരുന്നില്ല. കുറച്ചു സുഹൃത്തുക്കളുടെ വീടുകളായിരുന്നു ഞങ്ങൾ ചെയ്തുകൊണ്ടിരുന്നത്. ആ സൈറ്റുകളിലെല്ലാം ഡാഡി വരികയും ആവശ്യമായ നിർദ്ദേശങ്ങൾ ഞങ്ങൾക്ക് തരികയും ചെയ്യാറുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ ഒരുകൂട്ടം ജോലിക്കാരെ വിട്ടുതരികയും ചെയ്തു. ഡാഡിയുടെ രീതിയിൽ തന്നെയല്ലേ ജോലികൾ നടക്കുന്നത് എന്ന് കൃത്യമായി അദ്ദേഹം പരിശോധിക്കുമായിരുന്നു. തുടക്കത്തിൽ ഓരോ വീടിന്റെയും രൂപകല്പന അദ്ദേഹത്തെ കാണിച്ചിട്ടുണ്ട്. ഓരോ ഡിസൈനിന്റെയും ചർച്ചകൾ ഓരോ ആർക്കിടെക്ചർ ക്ലാസ്സുകളായിരുന്നു. പതുക്കപ്പതുക്കെ കുറച്ചുകുറച്ചായി അദ്ദേഹത്തിന്റെ ജോലികളും ഞങ്ങളെ ഏൽപ്പിക്കാൻ തുടങ്ങി.

1994ലാണ് അദ്ദേഹത്തിന് അദ്ദേഹം പഠിച്ച സെൻട്രൽ ഇംഗ്ലണ്ട് യൂണിവേഴ്സിറ്റി ഡി.ലിറ്റ് ബിരുദം നൽകി ആദരിച്ചത്. അത് സ്വീകരിക്കുന്നതിനു വേണ്ടി ഡാഡിയും മമ്മിയും ഇംഗ്ലണ്ടിലേക്ക് പോയി. അവസാനമായി ഇംഗ്ലണ്ടിലേക്ക് പോയത് അപ്പോഴാണ്. അന്ന് 3 മാസക്കാലം ഡാഡിയും മമ്മിയും ഇംഗ്ലണ്ടിൽ താമസിച്ചിരുന്നു.

ഇംഗ്ലണ്ടിൽ പോകുന്നതിന് രണ്ടാഴ്ചമുമ്പ് ഡാഡി ഫോണിൽ വിളിച്ച് രാവിലെ 8 മണിക്ക് റെഡിയായിരിക്കാൻ പറഞ്ഞു. കൃത്യം 8 മണിക്ക് തന്നെ ഡാഡി എത്തി. എന്നെയും ശൈലജയേയും കൂട്ടി എല്ലാ സൈറ്റിലും പോയി. അന്നുതൊട്ട് ഡാഡിയുടെ എല്ലാ ജോലികളിലും ഞങ്ങളെ പങ്കാളികളാക്കി.

1970ന്റെ തുടക്കത്തിലാണ് നാലാഞ്ചിറയിലെ സ്ഥലം തിരുവനന്തപുരം ആർച്ച് ബിഷപ്പിന്റെ കയ്യിൽനിന്നും അദ്ദേഹം വാങ്ങുന്നത്. ആ സ്ഥലത്ത് ആകെ ഉണ്ടായിരുന്നത് ഒരേ ഒരു തേക്കിൻതൈ മാത്രം. നിറയെ പാറക്കൂട്ടങ്ങൾ നിറഞ്ഞ ഒരു പാഴ്വസ്തുവായിരുന്നു അത്. കുഴിച്ചാൽ വെള്ളവും ഉണ്ടായിരുന്നില്ല. ഒരു തരിശുഭൂമി എങ്ങനെ പൂങ്കാവനമാക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ ഭൂമി. മഴവെള്ളം സംഭരിച്ചായിരുന്നു പ്രവർത്തനമത്രയും. ഇന്ന് വ്യാപകമായി ചർച്ച ചെയ്യുന്ന മഴവെള്ള സംഭരണം ഡാഡി 35 വർഷം മുമ്പുതന്നെ പ്രാവർത്തികമാക്കിയിരുന്നു. ഡാഡിയുടെ കിടപ്പുമുറിയോട് ചേർന്നുള്ള സ്വീകരണമുറിയുടെ അടിവശം വലിയ മഴവെള്ള സംഭരണിയായിരുന്നു. അതുകൂടാതെ മൂന്ന് ടാങ്കുകൾ വേറെയും ഉണ്ടായിരുന്നു. കിണറ്റിൽനിന്നും വെള്ളം ബക്കറ്റിൽ കോരി നേരെ തലയിലൊഴിച്ച് കുളിക്കുന്ന 'മലയാള കുളി'യെക്കുറിച്ച് അദ്ദേഹം വിമർശിക്കുമായിരുന്നു. ഒരു കപ്പ് വെള്ളംകൊണ്ട് ചെയ്യേണ്ടുന്ന കാര്യമാണ് ഒരു ബക്കറ്റുകൊണ്ട് ചെയ്യുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. ചുമരിന്റെ തേപ്പ്

ആവശ്യമുള്ളിടത്ത് മാത്രം പോരെ എന്നദ്ദേഹം ചോദിക്കുമ്പോൾ എത്ര പേർക്ക് അതിന്റെ ആഴത്തിലുള്ള അർത്ഥം മനസ്സിലാവും എന്ന് എനിക്കറിയില്ല. ഓരോ പിടി മണൽ പുഴയിൽനിന്നെടുക്കുമ്പോഴും അവിടത്തെ ജലവിധാനം താഴുമെന്നും, കൂടുതൽ കൂടുതൽ എടുക്കുന്തോറും വെള്ളത്തിന്റെ വിധാനം താഴ്ന്നുതാഴ്ന്ന് അവസാനം കുടിവെള്ളം കിട്ടാതാവും എന്നാണ് അതിന്റെ അർത്ഥം.

ഊർജ്ജ ഉപഭോഗത്തെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സമമല്ലേ അതിന്റെ ഉപഭോഗം കുറക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. ഊർജ്ജം കൂടുതൽ ചെലവാക്കി ഉൽപാദിപ്പിക്കുന്ന നിർമ്മാണ വസ്തുക്കളുടെ ഉപയോഗം ഏറ്റവും കുറച്ചുള്ള നിർമ്മാണ വിദ്യയാണ് അദ്ദേഹം പ്രചരിപ്പിച്ചത്.

ഏതു മീറ്റിംഗിന് പോവുകയാണെങ്കിലും അരമണിക്കൂർമുമ്പ് തന്നെ ഡാഡി അവിടെ എത്തുമായിരുന്നു. എത്തിയാലുടൻ കർട്ടൻ മുഴുവൻ വകഞ്ഞുമാറ്റി ജനലുകൾ തുറന്നിടും. പരമാവധി സ്വാഭാവിക വെളിച്ചവും കാറ്റും കടന്നുവരാൻ വേണ്ടി. ഡാഡി ചെയ്യാൻ തുടങ്ങുമ്പോൾ ഞങ്ങളും കൂടും. ഒരു മീറ്റിംഗിൽ വെച്ച് എല്ലാം തുറന്നിട്ടതിനുശേഷം ഡാഡി പറഞ്ഞു. നോക്കിക്കൊള്ളു അരമണിക്കൂറിനകം എന്തു സംഭവിക്കുമെന്ന്. 10 മിനിട്ടായില്ല അതിനുമുമ്പ് ആളുകൾ വരുന്നു. കർട്ടനുകൾ ഇട്ട് സ്വാഭാവിക വെളിച്ചവും കാറ്റും മറയ്ക്കുന്നു. എല്ലാ ലൈറ്റുകളും ഫാനുകളും ഓൺ ചെയ്യുന്നു. ഡാഡി ഞങ്ങളെ നോക്കി കണ്ണിറുക്കി കാണിച്ചു. ഇത് എത്രയോ കണ്ടതാണ് എന്ന മട്ടിൽ. അദ്ദേഹത്തിന്റെ ബെഡ്റൂമിൽ ഇപ്പോഴും ഒരു ഫാൻ അദ്ദേഹം വച്ചിട്ടില്ല.

അരനൂറ്റാണ്ടിന്റെ പ്രായവ്യത്യാസമുണ്ട് ഞാനും ഡാഡിയും തമ്മിൽ. അത് ഇന്നുവരെ തോന്നിയിട്ടില്ല. അച്ഛനെപ്പോലെ, സുഹൃത്തിനെപ്പോലെ.... സമപ്രായക്കാരെപ്പോലെ എങ്ങനെയാണ് ആ ഊഷ്മളമായ സ്നേഹത്തെക്കുറിച്ച് എഴുതുക എന്ന് എനിയ്ക്കറിയില്ല. കഴിഞ്ഞ 20 ദിവസമായി അദ്ദേഹം ഇല്ല. ഒരു നിറസാന്നിദ്ധ്യമായി മനസ്സിലുണ്ടുതാനും. എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേ ഞങ്ങൾക്കുള്ളൂ. ഡാഡിയും മമ്മിയും ജീവിച്ചതുപോലെ. അത്ര ധന്യമായിരുന്നു ആ ജീവിതം.

*കോസ്റ്റ് ഫോർഡ്, നാലാഞ്ചിറ,*
*തിരുവനന്തപുരം. 0471 2530031*

---


*(30-ാം പേജിൽനിന്ന് തുടർച്ച)*

## ഇന്ത്യയിലെ ഇന്നത്തെ കെട്ടിട നിർമ്മാണം– അതിൽ കലയുണ്ടോ?

കളും പരീക്ഷിച്ച് രസം കണ്ടെത്താറുണ്ട്.

രണ്ടാമത്തേത് മുറികളുടെ ആകൃതിയാണ്. എല്ലാ മുറികളും എന്തിന് സമചതുരക്കട്ട പോലിരിക്കണം. എല്ലാ കട്ടയ്ക്കും ഒരേ ഉയരം. നമ്മൾ ജീവിക്കുന്നത് എപ്പോഴും ഒരെ ലെവലിലല്ലല്ലോ. ഒരേ പോലെയുള്ള ഒരുപാട് സമചതുരക്കട്ടകൾ അടുക്കിവെക്കുന്നത് അറുബോറാണ്. സാഡിസമാണ് എന്നുപോലും പറയാം. എല്ലാ ചുമരുകളും കുത്തനെയുള്ള ചതുരമാവണം എന്ന് ആർക്കിടെക്റ്റുകൾ കരുതുന്നത് എന്താണാവോ? പ്രകൃതിയിൽ എത്ര വളവുകൾ, എത്ര വൃത്തങ്ങൾ, എത്ര ദീർഘവൃത്തങ്ങൾ.... അതൊക്കെ കണ്ട് അനുഭവിച്ച് ജീവിക്കാനുള്ളതുതന്നെ ഒരു രസമല്ലേ?

മൂന്നാമത്തേത് ജനലുകളും പഴുതുകളും എല്ലാം ഒരുപോലെ. വലിപ്പത്തിലും ആകൃതിയിലും, അതാണിപ്പോഴത്തെ രീതി. കിടപ്പുമുറി, സ്വീകരണമുറി, സ്റ്റോർമുറി, കുളിമുറി, അടുക്കള, കോണിപ്പടി, കക്കൂസ്, ഗ്യാരേജ് - എല്ലാവയ്ക്കും ഒരേ വലിപ്പവും ആകൃതിയുമുള്ള ജനലുകൾ. മുറിയുടെ വലിപ്പം മനസ്സിലാവില്ല. എന്തിനുള്ള മുറിയാണെന്നും മനസ്സിലാവില്ല. (അല്ല! അങ്ങനെ അറിയേണ്ടതുണ്ടോ എന്ന് നിങ്ങൾക്ക് ചോദിക്കാം.)



നാലാമത്തേത് നിറം. കെട്ടിടത്തിന് നിറം കൊടുക്കുന്നത് തെറ്റാണെന്നല്ല. വെങ്കല പ്രതിമയ്ക്ക് ചായം പൂശുന്നതുപോലെയാണ് എനിയ്ക്ക് തോന്നുന്നത് എന്നുമാത്രം. ഇഷ്ടികച്ചുമരിലെ ഓരോ ഇഷ്ടികക്കും സ്വന്തം നിറവും പ്രകൃതവുമുണ്ട്. മണ്ണിനും കല്ലിനും മരത്തിലും അതുണ്ട്. കോൺക്രീറ്റിലോ? പണ്ടുള്ളവർ ചെയ്തിരുന്നതുപോലെ വെളിച്ചവും നിഴലും നാം ഉപയോഗിക്കുന്നുണ്ടോ? വാൻഗോഗ് ചിത്രങ്ങളിലെ നിഴലുകളിൽ കാണുന്ന സാന്ദ്രനീലിമ എവിടെയെങ്കിലും നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ?

അഞ്ചാമത് ടെക്സ്ചർ (നിർമാണ സാമഗ്രികളുടെ സ്വഭാവം). ഏതുതരം സാമഗ്രികളും ഇന്ന് നമുക്ക് ലഭ്യമാണ്. അവിശ്വസനീയവും അദ്ഭുതകരവുമായ വൈവിധ്യത്തോടുകൂടിയുള്ളവ. ടെക്സ്ചർ കാണാനുള്ളതുമാത്രമല്ല, അനുഭവിക്കാനുള്ളതുകൂടിയാണ്. രണ്ടു നിലക്കും ആനന്ദം ലഭിക്കുന്നു അതിലൂടെ.

ആറാമത്തെ കാര്യം ഭാവനതന്നെ. നിർമ്മാണ സാമഗ്രികളെക്കുറിച്ചൊന്നും നാം പതിവിനു വിപരീതമായി ചിന്തിക്കാറേയില്ല. ഇഷ്ടിക ഒരേ രൂപത്തിൽ നിരയായി മാത്രം. കല്ല് ചതുരത്തിൽമാത്രം – അങ്ങനെയാണ്. കോൺക്രീറ്റ് ഉപയോഗിക്കുന്നതുപോലും ആവർത്തന വിരസതയോടെ. പോസ്റ്റ്, ബീം, സ്ലാബ്.... അങ്ങേയറ്റം ഒരു കാന്റിലിവർ. ഇവ സ്റ്റീരിയോ ടൈപ്പിനുമപ്പുറം ചിലതൊക്കെ നമ്മുടെ മണ്ടയ്ക്കകത്തുവേണം. യുവ ആർക്കിടെക്റ്റുകളോട് എനിക്ക് പറയാനുള്ളത് ഇതാണ്. വീട് ഡിസൈൻ ചെയ്തുകിട്ടാൻ ഒരാൾ സമീപിച്ചാൽ ഇത്രയും ചെയ്യണം - വീട്ടിൽ ചെന്ന് കടലാസും പെൻസിലും എടുക്കുന്നതിനുമുമ്പ് ചില സാരസ്യങ്ങൾ കണ്ടെത്തുമെന്നും വൈഭവങ്ങൾ പ്രകടിപ്പിക്കുമെന്നും നിശ്ചയിക്കുക. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ ആർക്കിടെക്റ്റുകളിലധികം പേരും കലാസൃഷ്ടി നടത്തുന്നേയില്ല. എങ്കിലും പലർക്കും കലയുണ്ട് എന്നാണ് എന്റെ വിശ്വാസം. അതു പുറത്തെടുത്തു പ്രയോഗിക്കാൻ നമ്മളെ സഹോദരങ്ങളായി കാണാൻ കലാകാരന്മാരോട് നമുക്കാവശ്യപ്പെടാനാകും.

*(കടപ്പാട് : പീപ്പിൾ ആന്റ് ഡവലപ്മെന്റ് / കോസ്റ്റ്ഫോർഡ്)*